ലായ സമാഹാരങ്ങളിൽ 'ഓടക്കുഴലി'നു ശേഷമുള്ള ഈ കവിതകൾ കാണാം. 'ഏക് ഔർ നചികേതാ' എന്ന പേരിൽ ജ്ഞാനപീഠക്കാർ പ്രസിദ്ധംചെയ്ത സമാഹാരത്തിൽ ഈ കവിതകളിൽ ചിലതിന്റെ ഹിന്ദി വിവർത്തനങ്ങൾ അടങ്ങിയിരിക്കുന്നു.

'ഓടക്കുഴലി'നു കൈവന്ന ജ്ഞാനപീഠസമ്മാനം തന്റെ കവിതയോട് കേരളീയർക്കുണ്ടായിരുന്ന മനോഭാവത്തിൽ വരുത്തിയിരിക്കാവുന്ന മാററത്തെപ്പററി ജി. തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ജ്ഞാനപീഠസമ്മാനം സ്വീകരിച്ചുകൊണ്ട് 1966 നവംബർ 19-ാം തീയതി ദൽഹിയിലെ വിജ്ഞാൻഭവനിൽ ജി. ചെയ്ത മലയാളപ്രസംഗം ആരംഭിക്കുന്നതിങ്ങനെയാണ്:

'ചിറകുകൾ തളർന്നുതുടങ്ങിയ ഗാനങ്ങൾ, അപാരതയെ അളക്കുവാനുള്ള ഉദ്യമത്തിൽ നേരിട്ട പരാജയത്തിലും അഭിമാനമാർന്നുകൊണ്ട് കൂട്ടിലേക്കു മടങ്ങിപ്പോകുന്ന ശരത്കാലസന്ധ്യയുടെ നിരാഡംബര ശാന്തത ആരെയും വളരെ ആകർഷിച്ചില്ലെന്നുവരാം. പ്രതീക്ഷിച്ചിരിക്കാതെ, അതിന്റെ നെററിയിൽ പ്രഥമാചന്ദ്രന്റെ പ്രകാശകല സ്വയം പ്രത്യക്ഷമായാലോ? പഥികന്മാരും, ഗ്രാമീണ കൃഷീവലന്മാരും ആ രജതരേഖയെ കൗതുകത്തോടുകൂടി നോക്കിപ്പോവും. അതണിഞ്ഞ സന്ധ്യയെ പൂർവാധികം താല്പര്യത്തോടെ നിരീക്ഷിച്ച് അഭിനന്ദിക്കുകയുംചെയ്യും. ഉദാസീനമായ ആദരത്തെ സ്ഥാനഭ്രഷ്ടമാക്കും ഉന്മേഷാത്ഭുതങ്ങൾ. ഭാരതീയജ്ഞാനപീഠത്തിന്റെ ഇദംപ്രഥമമായ സംഭാവന സൈ്വരവും ശാന്തവുമായ സമാധി ഇച്ഛിക്കുന്ന എന്റെ കവിതയുടെ തലയിൽ തിളങ്ങിയപ്പോൾ, എന്റെ നാട്ടുകാരുടെ മനോമണ്ഡലത്തിലും അങ്ങനെ ഏതോ ഒരു അനുഭവമാണ് ഉളവായിരിക്കുക.'

ആ രജതരേഖ ഏതായാലും, 'ഓടക്കുഴലി'നെ ഭാരതീയ സാഹിത്യചരിത്രത്തിൽ അവിസ്മരണീയമായ ഒരു ഗ്രന്ഥമാക്കിയിരിക്കുന്നു.*

## 127. യൂറി ആന്ദ്രപോവ്

സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ്പാർട്ടി കേന്ദ്രകമ്മററിയുടെ ജനറൽ സെക്രട്ടറി, സുപ്രീംസോവിയററിന്റെ പ്രിസീഡിയത്തിന്റെ പ്രസിഡണ്ട് (രാഷ്ട്രത്തലവൻ), ഡിഫെൻസ് കൗൺസിലിന്റെ ചെയർമാൻ എന്നീ മൂന്നു പരമോന്നതങ്ങളായ ഔദ്യോഗികപദവികൾ ഒരേ സമയം വഹിച്ചുകൊണ്ട്, ലോകമഹാശക്തികളിൽ രണ്ടാം സ്ഥാനത്തു നിലകൊള്ളുന്ന സോവിയററ്യൂണിയനു രാഷ്ട്രീയവും ഭരണപരവും സൈനികവുമായ നേതൃത്വം നല്കിപ്പോന്ന യൂറി ആന്ദ്രപോവ് 1984 ഫെബ്രുവരി 9-ാം തീയതി 69-ാം വയസ്സിൽ അന്തരിച്ചു. 1982 നവംബർ 10-ാം തീയതി ലിയനിഡ് ബ്രെഷ്നേവിന്റെ നിര്യാണത്തെത്തുടർന്നാണ് അദ്ദേഹം സോവിയററ്യൂണിയന്റെ സാരഥ്യം കൈയേററത്. പതിനഞ്ചു മാസമേ അധികാരത്തിൽ തുടരാൻ ആന്ദ്രപോവിനു കഴിഞ്ഞുള്ളു. ഈ കാലത്തിനിടയ്ക്കുതന്നെ എട്ടു മാസത്തോളം അദ്ദേഹം രോഗം

* ആകാശവാണിയുടെ സദയാനുവാദത്തോടെ.

ബാധിച്ചു കിടപ്പിലായിരുന്നു; വൃക്കകളുടെ പ്രവർത്തനം തകരാറിലായതിനെത്തുടർന്നു് 1983 ഫെബ്രുവരി മുതൽ അദ്ദേഹത്തിനു് ഒരു ഡയാലിസിസ് യന്ത്രത്തിന്റെ സേവനം നിരന്തരമായി ഉപയോഗപ്പെടുത്തേണ്ടിവന്നിരുന്നു.

'വമ്പന്റെ പിമ്പു് ആകാ' എന്നു പറയാറുണ്ടല്ലോ. 1960 മുതൽ ഇരുപത്തിരണ്ടു വർഷക്കാലം സോവിയററ്യൂണിയനു പ്രശംസാർഹമായ നേതൃത്വം നല്കിപ്പോന്ന എന്തുകൊണ്ടും 'വമ്പൻ' ആയ, ലിയനിദ് ബ്രെഷ്നേവിന്റെ പിൻഗാമിയാവുകയെന്നതു് ആയാസരഹിതമായ ഒരു കാര്യമായിരുന്നില്ല. എങ്കിലും, ആന്ദ്രപോവ്, ഇടർച്ചയൊന്നുമില്ലാതെ തന്റെ ചുമതലകൾ നിർവഹിക്കുകയും, രാഷ്ട്രം തന്നിൽ അർപ്പിച്ച വിശ്വാസത്തിനു് താൻ സർവഥാ അർഹനാണെന്നു തെളിയിക്കുകയും ചെയ്തു. സോവിയററ്യൂണിയന്റെ സുഹൃത്തുക്കൾക്കിടയിലെന്നപോലെ ശത്രുക്കൾക്കിടയിലും അദ്ദേഹത്തിന്റെ മരണം വിഷാദത്തിന്റെ നിഴൽ പരത്തിയതിന്റെ കാരണം ഇതാണു്. സൈദ്ധാന്തിക കാര്യങ്ങളിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറായിരുന്നില്ലെങ്കിലും, പ്രായോഗികരംഗത്തു് സാദ്ധ്യമായ എല്ലാ വികല്പങ്ങളും പരിഗണിക്കുവാൻ ആന്ദ്രപോവിനു മടിയുണ്ടായിരുന്നില്ല. മനുഷ്യവർഗത്തിന്റെ പൂർണനാശത്തിൽ കലാശിച്ചേക്കാവുന്ന അണുയുദ്ധം ആരംഭിക്കുന്നതിനു സോവിയററ്യൂണിയൻ ഒരിക്കലും കാരണമായിക്കൂടാ എന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അതുപോലെ, കമ്യൂണിസ്റ്റ് ചേരിക്കിടയിൽ വളർന്നുവന്ന ഭിന്നിപ്പു് ഒഴിവാക്കുന്നതിലും അദ്ദേഹം തല്പരനായിരുന്നു. കമ്യൂണിസ്റ്റ് ചൈനയുമായി പഴയ സൗഹാർദം സ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിലും, ചൈന അമേരിക്കൻചേരിയിൽ സ്ഥിരമായും ദൃഢമായും നിലയുറപ്പിക്കുന്നതു തടയാൻ ആന്ദ്രപോവ് സഫലമായിത്തന്നെ പരിശ്രമിച്ചു. യൂറോപ്യൻ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികളും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള സൈദ്ധാന്തികകലഹങ്ങൾ അദ്ദേഹത്തിന്റെ വാഴ്ക്കാലത്തു മിക്കവാറും ആറിത്തണുത്തുപോവുകയുമുണ്ടായി. അവ തികച്ചും കെട്ടടങ്ങിയോയെന്നു പക്ഷേ, ഇനി കണ്ടറിയാനിരിക്കുന്നതേയുള്ളു. ചേരിചേരാ രാഷ്ട്രങ്ങളുമായി നിലവിലുള്ള മൈത്രീബന്ധം തുടരാൻ മാത്രമല്ല കൂടുതൽ ശക്തിപ്പെടുത്താനും ആന്ദ്രപോവ് ഫലപ്രദമായി പ്രയത്നിച്ചുവന്നു.

വിദേശനയത്തെക്കാളേറെ സോവിയററ്യൂണിയന്റെ ആഭ്യന്തര കാര്യങ്ങളിലാണു് 'ആന്ദ്രപോവ് മാസങ്ങൾ' ആരോഗ്യകരമായ പ്രഭാവം ചെലുത്തിയിട്ടുള്ളതെന്നു നിരീക്ഷകർ കരുതുന്നു. അമേരിക്കയിലെയോ, പശ്ചിമയൂറോപ്പിലെയോ, ജപ്പാനിലെയോ കൃഷിയുടെയും വ്യവസായത്തിന്റെയും ഉല്പാദനക്ഷമത ഇനിയും സോവിയററ് കൃഷിവ്യവസായങ്ങൾക്കു കൈവന്നിട്ടില്ല. കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ അന്തർനിഹിതങ്ങളായ ഏതെങ്കിലും ദോഷങ്ങളോ, മുതലാളിത്തവ്യവസ്ഥിതിയിലുള്ള ഏതെങ്കിലും ഗുണങ്ങളോ അല്ല ഈ സ്ഥിതിവിശേഷത്തിനു കാരണമെന്നത്രെ കമ്യൂണിസ്റ്റുകാരുടെ അടിസ്ഥാനപരമായ നിലപാടു്. മറിച്ചു്, ശരിയായ വിധത്തിൽ നടത്തിക്കൊണ്ടുപോകാൻ സാധിച്ചാൽ, മുതലാളിത്തവ്യവസ്ഥിതിയിലേക്കാൾ 'കാർഷിക–വ്യാവസായിക–ഉല്പാദനം എത്രയോ അധികം വർദ്ധിപ്പിക്കാൻ കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ സാദ്ധ്യമാകുമെന്നും അവർ വിശ്വസിക്കുന്നു. സോവിയററ്യൂണിയനിൽ കൃഷിയും വ്യവസായവും കൂടുതൽ ഉല്പാദകമാക്കുന്നതിനു് ആന്ദ്രപോവ് നടത്തിയ പരിശ്രമങ്ങൾ ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടു്. കൂടുതൽ

സ്വാതന്ത്ര്യവും മുൻകൈയും നൽകി മാനേജ്മെൻറ് കാര്യക്ഷമമാക്കുക, അഴിമതി നിഷ്കരുണം നിർമാർജനംചെയ്യുക, നീണ്ടുനീണ്ടുപോകുന്ന ചുവപ്പുനാട അറുത്തെറിയുക എന്നിങ്ങനെ പ്രായോഗികങ്ങളെങ്കിലും പ്രദർശനമൂല്യം വളരെ കുറഞ്ഞ നടപടികൾക്ക് അദ്ദേഹം പ്രാമുഖ്യം നൽകി. അഴിമതിക്കാരായ രണ്ടു സോവിയററ് ഉദ്യോഗസ്ഥന്മാരെ വധശിക്ഷയ്ക്കു വിധിച്ചുവെന്ന റിപ്പോർട്ട് അടുത്തകാലത്തു് ലോകപത്രങ്ങളിലെല്ലാമുണ്ടായിരുന്നു. അതേസമയം, തൊഴിലിനോടു് തൊഴിലാളികൾക്കുള്ള നിഷേധാത്മകമായ മനോഭാവത്തിൽ മാററം ഉണ്ടാക്കുന്നതിനും ആന്ദ്രപോവ് യത്നിച്ചിരുന്നു. സാമ്പത്തികനടപടികളോടൊപ്പം രാഷ്ട്രീയമായ നവീകരണംകൂടി ആവശ്യമായ ഒരു രംഗമാണിതെന്നു് അദ്ദേഹം കരുതി. യന്ത്രങ്ങളും ഉല്പാദനപ്രക്രിയകളും ആധുനികീകരിക്കുന്നതിലും അദ്ദേഹം ജാഗരൂകനായിരുന്നു. വളരെയധികം വിവാദവിഷയമായിരുന്ന സൈബീരിയൻ ഗ്യാസ് പൈപ്പ് ലൈനിൻെറ നിർമാണം നിശ്ചിത സമയത്തിനുമുമ്പ് പൂർത്തിയാക്കാൻ കഴിഞ്ഞതു് സോവിയററ് ടെക്നോളജിയുടെ മേന്മകൊണ്ടെന്നപോലെ ചില പാശ്ചാത്യരാജ്യങ്ങൾ നൽകിയ സഹകരണംകൊണ്ടുകൂടിയാണ്.

രാഷ്ട്രീയ നവീകരണത്തിനുള്ള ഫലപ്രദമായ വ്യവസ്ഥാപിതമാർഗ്ഗം വിദ്യാഭ്യാസ നവീകരണമാണല്ലോ. സോവിയററ് വിദ്യാഭ്യാസത്തിൽ കടന്നുകൂടിയിരുന്ന ജീർണത തടയുവാൻ ആന്ദ്രപോവ് കൈക്കൊണ്ടുപോന്ന നടപടികളെപ്പററി ഒരു വിവരണം, അദ്ദേഹം മരിച്ച ഫെബ്രുവരി 9-ാം തീയതി 'സ്റ്റേ ററ്സ്മാൻ' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

സോവിയററ്യൂണിയനിലെ ഒരുലക്ഷത്തി നാല്പത്തീരായിരം സെക്കണ്ടറിസ്കൂളുകളിൽ സയൻസും കലകളും രാഷ്ട്രീയാദർശങ്ങളും പഠിപ്പിക്കുന്നതിനുള്ള സംവിധാനം എത്രയും അപര്യാപ്തമാണെന്നു് 1983 ജൂൺ മാസത്തിൽ ചേർന്ന പാർട്ടി സെൻട്രൽ കമ്മററിയുടെ പരിപൂർണയോഗത്തിൽ ആന്ദ്രപോവ് പ്രസ്താവിച്ചുവത്രെ. ഇതിനെത്തുടർന്നു് 1983 നവംബറിൽ 'പ്രിവ്ദ'പത്രം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ബാഹ്യലോകപരിസ്ഥിതികളെ നേരിടുന്നതിനു വേണ്ട പ്രായോഗിക സാമർത്ഥ്യങ്ങൾ ഇല്ലാത്തവരും, രാഷ്ട്രീയമായി ഉദാസീനരുമാണ് റഷ്യൻ സ്കൂളുകളിൽനിന്നു പുറത്തുവരുന്ന യുവജനങ്ങൾ എന്ന ആക്ഷേപം വ്യക്തമായി ഉന്നയിച്ചിരുന്നു. പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ അഭ്യസ്തവിദ്യർക്ക് പൗരന്മാരുടെ ഉത്തരവാദിത്തം സംബന്ധിച്ച ബോധമോ, രാഷ്ട്രീയമായ വിവരമോ, ജോലിയിൽ താല്പര്യമോ കാണപ്പെടുന്നില്ല. ഈ കുറവുകൾ പരിഹരിക്കുന്നതിനു്, വിദ്യാർത്ഥികൾക്ക് ഫാക്ടറികളിലും കൃഷിയിടങ്ങളിലും കൂടുതൽ പ്രായോഗികപരിശീലനം നൽകണമെന്നും, ആറാം വയസ്സിൽത്തന്നെ കുട്ടികളെ സ്കൂളിൽ ചേർക്കണമെന്നും (ഇതിനുമുമ്പ് ഏഴാം വയസ്സിലേ അവരെ റഷ്യയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ ചേർത്തിരുന്നുള്ളു.)ഇപ്പോൾ നാലു വർഷം നീണ്ടുനിൽക്കുന്ന അദ്ധ്യാപകപരിശീലനം അഞ്ചു വർഷക്കാലമായി നീട്ടണമെന്നും, സ്ത്രീകൾ മിക്കവാറും പിടിച്ചടക്കിക്കഴിഞ്ഞ അദ്ധ്യാപനരംഗത്തേക്കു് കൂടുതൽ പുരുഷന്മാർ നിയോഗിക്കപ്പെടണമെന്നും, റഷ്യൻ ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കണമെന്നും, പാഠപുസ്തകങ്ങൾ പരിഷ്കരിക്കണമെന്നും, കുട്ടികൾ വീട്ടിൽ ടെലിവിഷൻ കണ്ടു് സമയം കളയാതെ ഗൃഹപാഠങ്ങൾ ശരിക്കു പഠിക്കുന്നുണ്ടെന്നു് രക്ഷിതാക്കൾ ഉറപ്പു വരുത്തണമെന്നും ആന്ദ്രപോവ് നിർദേശിക്കുകയുണ്ടായി. ഈ പരിഷ്കാരങ്ങൾ അവിടെ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയുമാണ്.

ആഭ്യന്തരരംഗത്തു് , ആന്ദ്രപോവിനു് നിർവഹിക്കാനുണ്ടായിരുന്ന കർത്തവ്യങ്ങളുടെ ഏകദേശരൂപം ഇതിൽനിന്നെല്ലാം കിട്ടുന്നുണ്ടല്ലോ. അധികാരസ്ഥാനങ്ങളിൽ ചടഞ്ഞുകൂടി, പുരോഗതിക്ക തടസ്സം സൃഷ്ടിച്ചിരുന്ന, ഉപയോഗമില്ലാത്ത, നിർവാഹകരെ മാററി, തൽസ്ഥാനത്തു് ചുറുചുറുക്കും ഉത്തരവാദിത്തബോധവും കർമശേഷിയുമുള്ള പ്രവർത്തകരെ പ്രതിഷ്ഠിക്കുന്നതിനു് ആന്ദ്രപോവ് നടത്തിയ ശ്രമങ്ങൾ പരക്കെ ശ്രദ്ധാവിഷയമായിട്ടുണ്ടു്.

ആഭ്യന്തര ഭരണപരിഷ്കാരങ്ങൾക്ക പ്രഥമപരിഗണന നൽകിയ അവസരത്തിൽത്തന്നെ, റഷ്യയ്ക്കെതിരായ പ്രകോപനങ്ങളെ തങ്ങൾ സഹിക്കുകയില്ലെന്നും, അവയ്ക്കെതിരെ ശക്തിയായി തിരിച്ചടിക്കുമെന്നും പ്രഖ്യാപനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും എതിരാളികൾക്കു് പ്രത്യേകിച്ചു്, അമേരിക്കയിലെ റേയ്ഗൻ ഭരണകൂടത്തിനു്, അതാതവസരത്തിൽ വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ ആന്ദ്രപോവ് വീഴ്ച വരുത്തിയില്ല. 1983 സെപ്റ്റംബറിൽ, ശാന്തസമുദ്രതീരത്തു് സോവിയററ് അതിർത്തി ലംഘിച്ച ഒരു തെക്കൻകൊറിയൻ വിമാനത്തെ റഷ്യൻ വിമാനസേന വെടിവെച്ചു വീഴ്ത്തിയതിന്റെ ധാർമികതയെപ്പററി എത്രതന്നെ അഭിപ്രായഭേദമുണ്ടായാലും, ആ നടപടി അമേരിക്കൻ പ്രകോപനങ്ങൾക്കെതിരെ ഫലപ്രദമായ ഒരു താക്കീതായിരുന്നു എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പടിഞ്ഞാറെ യൂറോപ്പിൽ അണ്വായുധങ്ങൾ ഘടിപ്പിച്ച മിസ്സൈലുകൾ സ്ഥാപിച്ച അമേരിക്കയുടെ വിചാരശൂന്യമായ നടപടിക്കെതിരെ ആന്ദ്രപോവ് കൈക്കൊണ്ട അടവുകളുടെ ഫലം കണ്ടറിയാൻ ഇരിക്കുന്നതേയുള്ളു.

കമ്യൂണിസ്റ്റു് ആശയസംഹിതയിൽ അടിയുറച്ച വിശ്വാസവും, വിശാലമായ ലോകവിജ്ഞാനവും, സമൃദ്ധമായ വിവേകവും, ഭരണകാര്യങ്ങളിൽ സമ്പന്നമായ പരിചയവും—അങ്ങനെ, ദുർഘടങ്ങൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സോവിയററ്യൂണിയനെ നയിക്കുവാൻ എല്ലാ വിധത്തിലും അർഹനായ ഒരു വ്യക്തിയായിരുന്നു ആന്ദ്രപോവ്. കമ്യൂണിസ്റ്റു് വ്യവസ്ഥിതിയുടെ ഒരു ഉത്തമസന്താനംകൂടിയായിരുന്നു അദ്ദേഹം. ഒക്ടോബർ വിപ്ലവത്തിനു മൂന്നു വർഷം മുമ്പു്, 1914—ൽ, പാവപ്പെട്ട ഒരു റയിൽവേ തൊഴിലാളിയുടെ മകനായി ആന്ദ്രപോവ് പിറന്നു. വോൾഗാ നദിയിൽ സഞ്ചരിച്ചിരുന്ന ഒരു കപ്പലിൽ ജോലിക്കാരനായിരിക്കേ, പതിനാറാം വയസ്സിൽ, ആന്ദ്രപോവ് കമ്യൂണിസ്റ്റു് പാർട്ടിയുടെ യുവജനസംഘടനയായ 'കോംസമോ'ളിൽ അംഗമായി. അശ്രാന്തപരിശ്രമത്തിലൂടെ വടക്കേ കരേലിയ റിപ്പബ്ലിക്കിലെ കോംസമോളിന്റെ സെക്രട്ടറിയായി അദ്ദേഹം ഉയർന്നു. 1939—ൽ കമ്യൂണിസ്റ്റു് പാർട്ടിയിൽ ചേർന്നു. 'ദേശാഭിമാനയുദ്ധ'കാലത്തു് നാത്സികൾക്കെതിരായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 1944 മുതൽ കരേലിയയിലെ കമ്യൂണിസ്റ്റുപാർട്ടിയിൽ ചുമതലയുള്ള ഉയർന്ന പദവികൾ വഹിച്ചുതുടങ്ങി. 1951—ൽ മോസ്കോവിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രക്കമ്മിററിയിൽ ഒരു ഉപവിഭാഗത്തിന്റെ തലവനായി നിയമിക്കപ്പെട്ടു. 1953—ൽ ഹംഗറിയിൽ സോവിയററ് അംബാസഡർ ആയി. ഇക്കാലത്തു് റഷ്യൻ മേധാവിത്വത്തിനെതിരേ ഹംഗറിയിൽ ഉയർന്ന കലാപങ്ങൾ അമർച്ചചെയ്യുന്നതിൽ ആന്ദ്രപോവ് പ്രമുഖമായ പങ്കു വഹിച്ചതായി കരുതപ്പെടുന്നു.

1962—ൽ ആന്ദ്രപോവ് സോവിയററ് കമ്യൂണിസ്റ്റു് പാർട്ടിയുടെ കേന്ദ്രകമ്മററിയുടെ സെക്രട്ടറിമാരിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ടു.

1967 മുതൽ 1982—മേയ്‌വരെ റഷ്യൻ രഹസ്യപ്പോലീസായ കെ. ജി. ബി. യുടെ തലവൻ ആന്ദ്രപോവ് ആയിരുന്നു. പതിനഞ്ചു വർഷം നീണ്ടുനിന്ന ഈ ഉദ്യോഗം, സോവിയററ് ഭരണകൂടത്തിന്റെ ആഭ്യന്തര ദൗർബല്യതകൾ ശരിക്കു കണ്ടറിയാൻ അദ്ദേഹത്തിനു കഴിവു നൽകിയിരിക്കണം. ഈ ഉദ്യോഗത്തിലിരിക്കുമ്പോഴും, പിന്നീട് രാഷ്ട്രത്തലവൻ ആയി തിരഞ്ഞെടുക്കപ്പെടുന്നതിനു ശേഷവും, അഴിമതിനിവാരണത്തിന് ആന്ദ്രപോവ് മുൻഗണന നൽകിയെന്ന വസ്തുത എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. അസെർബൈജാൻ, ജോർജിയ എന്നീ റിപ്പബ്ളിക്കുകളിലെ പാർട്ടികളിൽ വൻതോതിലുള്ള ശുദ്ധീകരണത്തിന് ആന്ദ്രപോവിന്റെ അന്വേഷണങ്ങൾ വഴിതെളിക്കുകയുണ്ടായി.

1964—ൽ ക്രൂഷ്ചേവ് അധികാരത്തിൽനിന്നു പുറത്തുപോയ കാലത്താണത്രേ, ആന്ദ്രപോവിന്റെ കാര്യക്ഷമത ലിയനിദ് ബ്രഷ്നേവിന്റെ ദൃഷ്ടിയിൽപ്പെട്ടതു്. അന്നുമുതൽ ബ്രഷ്നേവ് നിരന്തരം ആന്ദ്രപോവിനെ ഉയരാൻ സഹായിച്ചുവന്നു. ആന്ദ്രപോവിനെ രഹസ്യപ്പോലീസ് സേനയുടെ തലവനായി നിയമിച്ചതും, 1967—ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പോളിററ് ബ്യൂറോവിൽ ഒരു പൂർണ—അംഗമാക്കിയതും ബ്രഷ്നേവ് ആയിരുന്നുവത്രേ. 1982 മേയ്മാസത്തിൽ ആന്ദ്രപോവ് കമ്യൂണിസ്റ്റ്പാർട്ടി സെക്രട്ടേറിയററിന്റെ സെക്രട്ടറിയായി. ഈ പദവിയിൽനിന്നു കേന്ദ്രകമ്മററിയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തിലേക്കും അങ്ങനെ സോവിയററ് ജനതയുടെ നേതൃസ്ഥാനത്തിലേക്കുമുള്ള ഉയർച്ച തികച്ചും സ്വാഭാവികമായിരുന്നു.

നേതൃസ്ഥാനം ഏറെറടുത്തയുടനെ, ലിയനിദ് ബ്രഷ്നേവിന്റെ നയപരിപാടികൾ താൻ പിൻതുടരുമെന്ന് ആന്ദ്രപോവ് പ്രതിജ്ഞ ചെയ്യുകയുണ്ടായി. ഈ പ്രതിജ്ഞ അദ്ദേഹം നിറവേററുകയുംചെയ്തു. ബ്രഷ്നേവിന്റെ ആനുകൂല്യമുണ്ടായിരുന്നതുകൊണ്ടുമാത്രം അധികാരസ്ഥാനങ്ങളിൽ ഇരുപ്പുറപ്പിച്ചിരുന്ന പലരെയും ആന്ദ്രപോവ് അവിടെനിന്നു പറഞ്ഞയച്ചു എന്നതു ശരിയാണ്. സോവിയററ് മന്ത്രിസഭാംഗങ്ങളിലും പ്രാദേശിക കമ്യൂണിസ്റ്റ്പാർട്ടി സെക്രട്ടറിമാരിലും അഞ്ചിൽ ഒരു ഭാഗത്തിനും പ്രാദേശിക കമ്യൂണിസ്റ്റ്പാർട്ടികളുടെ രണ്ടും മൂന്നും കീഴ്നേതാക്കന്മാരിൽ മൂന്നിൽ ഒരു ഭാഗത്തിനും അദ്ദേഹത്തിന്റെ കാലത്തു് സ്ഥാനഭ്രംശം നേരിട്ടു. പ്രായാധിക്യം, കാര്യക്ഷമതക്കുറവു്, അഴിമതി, പരിഷ്ക്കരണവൈമുഖ്യം മുതലായ കുററങ്ങളാണ് ഇവരിൽ ആരോപിക്കപ്പെട്ടിരുന്നതു്. എന്നാലും, ലിയനിദ് ബ്രഷ്നേവിന്റെ നയപരിപാടികളിൽ, ആഭ്യന്തരരംഗത്തിലും വിദേശരംഗത്തിലും, മൗലികമായ വ്യതിയാനങ്ങളൊന്നും ആന്ദ്രപോവ് വരുത്തുകയുണ്ടായില്ല.

ഇന്ത്യയിലുള്ള നമ്മെ സംബന്ധിച്ചിടത്തോളം ഏററവും പ്രസക്തമായ സംഗതി, ബ്രഷ്നേവിന്റെ കാലത്തെന്നപോലെ, വിശ്വസിക്കാവുന്ന ഒരു സുഹൃദ്‌രാഷ്ട്രമായി സോവിയററ് യൂണിയൻ ആന്ദ്രപോവിന്റെ കാലത്തും പ്രവർത്തിച്ചുപോന്നുവെന്നതാണ്. ആഭ്യന്തരങ്ങളും ബാഹ്യങ്ങളുമായ പ്രാതികൂല്യങ്ങളുടെ സമ്മർദത്തെ അതിജീവിക്കുന്നതിന് ഈ സൗഹാർദത്തെ ഇന്ദിരാഗാന്ധിയുടെ ഭരണകൂടം തികച്ചും ഉപയോഗപ്പെടുത്തുന്നുണ്ടു്.

ആന്ദ്രപോവിന്റെ മരണത്താൽ ഒഴിവുവന്ന റഷ്യൻജനതയുടെ നേതൃസ്ഥാനത്തിലേക്ക് എഴുപത്തിരണ്ടു വയസ്സായ കോൺസ്റ്റാൻറിൻ ഉസ്റ്റിനോവിച്ച് ചെർണങ്കോ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ആന്ദ്രപോവിനെ

പ്പോലെതന്നെ ബ്രഷ്നേവിന്റെ വിശ്വസ്തസുഹൃത്തുക്കളിലൊരാളായിരുന്നു ചെർണങ്കോ. ബ്രഷ്നേവിനുശേഷം ചെർണങ്കോ രാഷ്ട്രനേതൃസ്ഥാനം സ്വമനസ്സാലേ ആന്ദ്രപോവിന് ഒഴിഞ്ഞുകൊടുക്കുകയാണു ചെയ്തതെന്നു പറഞ്ഞുകേട്ടിരുന്നു. നേതൃത്വം ഏറ്റെടുത്തയുടനെ നടത്തിയ ഒരു പ്രഖ്യാപനത്തിൽ സൈനികാധിപത്യത്തിനോ, മററു ജനതകളുടെ മേൽ തങ്ങളുടെ ഇച്ഛ ചുമത്തുന്നതിനോ ആഗ്രഹിക്കുന്നില്ലെങ്കിലും ഇന്നു ലോകത്തിൽ നിലവിലുള്ള സൈനികശക്തിസന്തുലനം നഷ്ടപ്പെടാൻ സോവിയററ് യൂണിയൻ അനുവദിക്കുകയില്ലെന്ന് ചെർണങ്കോ വ്യക്തമാക്കുകയുണ്ടായി. ഇതിനർത്ഥം, പശ്ചിമയൂറോപ്പിൽനിന്ന് അണ്വായുധങ്ങൾ ഘടിപ്പിച്ച മിസൈലുകൾ എടുത്തുമാററാൻ, സാദ്ധ്യമായ എല്ലാ വിധത്തിലും, അമേരിക്കയുടെമേൽ സോവിയററ് യൂണിയൻ നിർബന്ധം ചെലുത്തുമെന്നാണ്. യൂറോപ്പിലെയും അമേരിക്കൻ ഐക്യനാടുകളിലെയും ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭണം റേയ്ഗൻ ഭരണകൂടത്തെ മിസ്സൈൽ—ദൂരീകരണത്തിനു നിർബന്ധിതമാക്കുംവരെ, മനുഷ്യവർഗത്തിന്റെ തലയ്ക്കുമീതെ ഡെമോക്ളീസ്സിന്റെ വാൾപോലെ അണുയുദ്ധഭീഷണി തൂങ്ങിക്കിടക്കുകതന്നെ ചെയ്യും.

ചെർണങ്കോവിന്റെ നേതൃത്വം താല്ക്കാലികമായേക്കാം. പ്രായക്കുറവും ആരോഗ്യവും പ്രസരിപ്പും കൂടുതലുള്ള മറെറാരു നേതാവ്, അധികം വൈകാതെ, സോവിയററ് യൂണിയന്റെ ഭരണസാരഥ്യം ഏറെറടുത്തേക്കാം. അതെന്തായാലും ബ്രഷ്നേവിന്റെയും ആന്ദ്രപോവിന്റെയും വാഴ്ചക്കാലങ്ങളിലെന്നപോലെ ചെർണങ്കോവിന്റെ കാലത്തും സോവിയററ് യൂണിയന്റെ ശക്തവും ആരോഗ്യകരവുമായ സൗഹർദവും പ്രയോജനകരമായ സഹകരണവും ഇന്ത്യയ്ക്കു പ്രതീക്ഷിക്കാം.

(14 ഫെബ്രുവരി, 1984)

# 128. ധീരേന്ദ്രബ്രഹ്മചാരി

മനസ്സ് ഒരു മഹാത്ഭുതമാണ്. അനുഭവവും സ്മരണയും, സങ്കല്പങ്ങളും, വികല്പങ്ങളും, സംശയവും, നിശ്ചയവും എല്ലാം മനസ്സിന്റെ പ്രവർത്തനഫലങ്ങളാകുന്നു. മനസ്സിലൂടെയാണു നാം പ്രപഞ്ചത്തെ ഉൾക്കൊള്ളുന്നതും, പ്രപഞ്ചത്തിൽ ഇടപെടുന്നതും. എന്നാൽ, എന്താണ് ഈ മനസ്സ്? അതു് ഇനിയും അസന്ദിഗ്ധമായി നിർവചിക്കപ്പെട്ടിട്ടില്ല.

പക്ഷേ, ഒന്നു നമുക്ക് അറിയാം; മനസ്സ് ഇടവിടാതെ ചലിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ മുമ്പിൽ അതാതു സമയം ഉള്ളതെന്തോ, മനസ്സ് അതായിത്തീരുന്നു. മുമ്പിൽ ഒന്നുമില്ലാത്തപ്പോഴും മനസ്സു പല രൂപങ്ങൾ കൈക്കൊള്ളുന്നു. ഗാഢനിദ്രയിലോ, ഒട്ടും ബോധമില്ലാത്തപ്പോഴോ മാത്രമേ മനസ്സ് അല്പമെങ്കിലും അടങ്ങിയൊതുങ്ങി ഇരിക്കുന്നുള്ളു.

എങ്കിലും മനസ്സിനെ അടക്കിയൊതുക്കി ഇരുത്തേണ്ടതു ജീവിതസൗഖ്യത്തിന് അനുപേക്ഷണീയമാകുന്നു. അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും മനസ്സിനെ അടക്കിയൊതുക്കി ഇരുത്താൻ കഴിയുമെന്നു പഴയ ഭാരതീയർ കരുതിവന്നു. അങ്ങനെ മനസ്സിനെ കീഴ്പ്പെടുത്തുന്നതു്